പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1312

20.1.2014- ൽ
മറുപടിക്ക്

## കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം

| ചോദ്യം<br><br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കമോ; | (എ): കയർമേഖലയിലെ പ്രതിസന്ധിക്കു പരിഹാരം കാണുന്നതിനായി സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു.<br><br>• പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനമായി 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406/-, 8,96,92,648/-, 1,45,25,260/- രൂപ അനുവദിച്ചു.<br>• കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 260/- രൂപയായും, ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 360/- രൂപയായും വർദ്ധിപ്പിച്ചു.<br>• കയർ പിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.<br>• തൊണ്ട് സംഭരണം ശക്തമാക്കുവാൻ കയർ പിരി സംഘങ്ങൾക്ക് 1,00,000/- രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകിയും പച്ചത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽ നിന്നും 10 പൈസയായി |

| | |
|---|---|
| | വർദ്ധിപ്പിച്ചും, തൊണ്ട് സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിനബത്ത 100/-രൂപയിൽ നിന്നും 150/- രൂപയായി വർദ്ധിപ്പിച്ചും തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12 ൽ 1,27,50,175/- രൂപയും 2012-13 ൽ 2,07,59,149/- രൂപയും ഈ വർഷം ഈ ഇനത്തിൽ 9,73,27,903/- രൂപയും അനുവദിച്ചു.<br>• മലബാർ മേഖലയിലെ കയർ സഹകരണ - സംഘങ്ങളിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കോഴിക്കോട് പ്രോജക്ടിനു കീഴിലെ 10 കയർ പിരി സംഘങ്ങൾക്കും, കണ്ണൂർ, പൊന്നാനി പ്രോജക്ടിന് കീഴിലെ 5 കയർ പിരി സംഘങ്ങൾക്കു വീതവും പ്രയോജനം ലഭിക്കുന്ന രീതിയിൽ ഒരു പ്രത്യേക പാക്കേജിന് അംഗീകാരം നൽകി. 4.90 കോടി രൂപ 2012-13 വർഷം ഇതിനായി അനുവദിച്ചു. |
| (ബി) 2012-13 സാമ്പത്തിക വർഷത്തിൽ എന്ത് തുക കയർ മേഖലയുടെ ആവശ്യത്തിനായി നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) 2012-13- സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 104,70,00,000/- രൂപ നീക്കിവെച്ചിരുന്നു. ഇതിൽ 100,70,00,000/- രൂപ - സംസ്ഥാനവിഹിതവും 400,00,000/- രൂപ കേന്ദ്രവിഹിതവും ആയിരുന്നു. ഇതിൽ 97.79 ശതമാനം ചെലവഴിച്ചു. കൂടാതെ, പദ്ധതിയിതര ഇനത്തിൽ കയർ തൊഴിലാളി പെൻഷനും ആനുകൂല്യങ്ങൾക്കുമായി 32,00,00,000/- രൂപയും ചെലവഴിച്ചു. |
| സി) ഓരോ പദ്ധതിക്കും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന വ്യക്തമാക്കുമോ? | ഓരോ പദ്ധതിക്കും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## PLAN SCHEMES 2012-13

| Sl No | Schemes and Head of Account | Final Budget Provision Rs. | Expenditure Rs. | Expenditure Percentage |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2851-00-106-95<br>Marketing, Publicity Propaganda Including Trade Exhibitions | 43,000,000 | 43,000,000 | 100% |
| 2 | 2851-00-106-67<br>Coir Geotextiles Development Programme | 3,000,000 | 3,000,000 | 100% |
| 3 | 2851-00-106-75<br>Grant for Centres of Research and Development in Coir Technology | 39,345,000 | 30,000,000 | 76.25% |
| 4 | 2851-00-106-62<br>Regulated Mechanisation of Coir Industry | 571,265,000 | 571,265,000 | 100% |
| 5 | 2851-00-106-61<br>Training and Management Improvement | 10,000,000 | 9,999,987 | 100% |
| 6 | 2851-00-106-54<br>Production and Marketing Incentive (PMI) | 30,000,000 | 30,000,000 | 100% |
| 7 | 2851-00-106-34<br>Price Fluctuation Fund | 235,000,000 | 233,960,000 | 99.56% |
| 8 | 2851-00-106-32<br>Kerala Coir Marketing consortium / Marketing Company | 7,000,000 | 7,000,000 | 100% |
| 9 | 2851-00-106-31<br>Cluster development programme in coir sector | 9,390,000 | 4,689,950 | 49.95% |
| 10 | 4851-00-106-98<br>Construction of building for Coir Bhavan | 8,000,000 | 7,626,317 | 95.33% |
| 11 | 4851-00-195-62<br>Govt. Share participation of coir Co-operatives | 5,000,000 | 928,000 | 18.56% |
| 12 | 6851-00-106-89<br>Margin Money Loan to Entrepreneurs | 1,000,000 | 983,000 | 98.30% |
| 13 | 2851-00-106-33<br>Debt Relief to Coir Workers | 5,000,000 | 1,387,047 | 27.74% |
| 14 | 2851-00-106-92 STATE SHARE | 40,000,000 | 40,000,000 | 100% |
| | Market Development Assistance for the sale of Coir and Coir Products (50% CSS)<br>CENTRAL SHARE | 40,000,000 | 40,000,000 | 100% |
| | **GRAND TOTAL** | **1,047,000,000** | **1,023,839,301** | **97.79%** |

സെക്ഷൻ ഓഫീസർ